"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - സംസ്ഥാന സാമൂഹ്യനീതിവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 'കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ പേര് 'കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്' എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.193/2025/SJD തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:- 1. മേശപ്പുറത്തുവച്ച കടലാസുകൾ സമിതിയുടെ (2021-2023) 1-ാമത് റിപ്പോർട്ടിലെ 8-ാം (ക്രമനമ്പർ) ഖണ്ഡികയിലെ ശിപാർശ.

2. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.10.2023, 06.11.2024 എന്നീ തിയതികളിലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി/383/2022-എ.5 നമ്പർ കത്തുകളും, 07.05.2025-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി/468/2025-പി.എ. നമ്പർ കത്തും.

**ഉത്തരവ്**

മേശപ്പുറത്തുവച്ച കടലാസുകൾ സമിതിയുടെ (2021-2023) ഒന്നാമത് റിപ്പോർട്ടിലെ 8-ാം നമ്പർ ഖണ്ഡികയിൽ, 'വികലാംഗർ' എന്നപദം നിലവിൽ 'ഭിന്നശേഷിക്കാർ' എന്ന് മാറ്റിയതുപോലെ, സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 'കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ' എന്ന സ്ഥാപനത്തിന്റെ പേര് 'കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ' എന്നോ സമാനമായ രീതിയിലോ പുനർനാമകരണംചെയ്യണമെന്ന് ശിപാർശചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത കോർപ്പറേഷന്റെ പേര് 'കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്' എന്ന് മാറ്റുന്നതിന് അനുമതിനൽകണമെന്ന് അഭ്യർത്ഥിച്ച് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം-2 പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. സംസ്ഥാന സാമൂഹ്യനീതിവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന "കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്" എന്ന സ്ഥാപനത്തിന്റെ പേര് ഔദ്യോഗികരേഖകളിൽ മലയാളത്തിൽ ഉപയോഗിക്കുന്നതിനായി "കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്" എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ് / പി.യു-സി) വകുപ്പ്

നിയമ (ഉപദേശ-ഡി) വകുപ്പ് (ടി വകുപ്പിന്റെ 23.05.2025-ലെ ഒ.പി.എൻ-ഡി.3/111/2025/നിയമം 18.06.2025-ലെ ഒ.പി.എൻ-ഡി.3/140/2025/നിയമം എന്നീ നമ്പർ കുറിപ്പുകളിൻ പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 18-07-2025 13:58:27

സെക്ഷൻ ഓഫീസർ